2. കമ്പ്യൂട്ടറൈസ്ഡ് മോണിറ്ററിംഗ് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇതുവരുന്ന രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

3. അടിസ്ഥാന പരിഷ്ക്കരണമെന്ന നിലയിൽ ഘട്ടം ഘട്ടമായി റിസൾട്ട് ബേയ്സ്ഡ് പ്ലാനിംഗ് സിസ്റ്റത്തിലേക്ക് മാറുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി രൂപീകരണ സമയത്തുതന്നെ ഔട്ട്പുട്ട് ഇന്റിക്കേറ്റർ നിർണ്ണയിക്കാനുള്ള സംവിധാനം നടപ്പിലാക്കുന്നതും പ്രസ്തുത അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ പരിപാടി എല്ലാ വകുപ്പുകളിലും നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

ജില്ലാതലത്തിൽ സംസ്ഥാനതല പദ്ധതികളുടെ അവലോകനം എല്ലാ മാസവും ജില്ലാ വികസന സമിതിയോഗങ്ങളിൽ നടത്തിവരാറുണ്ട്. ജില്ലാതലത്തിൽ പദ്ധതി വിവരങ്ങൾ ക്രോഡീകരിച്ചു നൽകുന്നത് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ ജില്ലാ ഓഫീസാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു പ്രത്യേക അവലോകന കമ്മിറ്റി വഴി നടപ്പാക്കിവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ജനകീയാസൂത്രണം/ഡച്ച് ഗവൺമെന്റിൽ നിന്ന് പണം വാങ്ങിയെന്ന ആരോപണം

13 (3749) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തോടനുബന്ധിച്ച് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഉപ സംഘടനയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്നിവ ഡച്ച് ഗവൺമെന്റിൽ നിന്നും പണം വാങ്ങിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു തുക വാങ്ങി ;

(സി) അത് എന്തിനെല്ലാം വേണ്ടി വിനിയോഗിച്ചു ;

(ഡി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനകീയാസൂത്രണത്തോട് അനുബന്ധിച്ച് ഡച്ച് (നെതർലാന്റ്സ്) ഗവൺമെന്റിൽനിന്ന് പണം വാങ്ങിയിട്ടില്ല. എന്നാൽ ജനകീയാസൂത്രണത്തെപ്പറ്റി പഠിക്കുന്നതിനും അതിന്റെ നടത്തിപ്പിനെ വിലയിരുത്തുവാനും വേണ്ടിയുള്ള Kerala Research Programme on Local Level

LIBRARY ARCHIVES Kerala Legislative Assembly

Development (KRPLLD) എന്ന ഗവേഷണ പരിപാടിക്ക് നെതർലാന്റ് ഗവൺമെന്റ് ധസഹായം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല. †

കേരള ഗവേഷണ പദ്ധതി വഴി സി.ഡി.എഫ് ഏറ്റെടുത്ത പ്രോജക്ടുകൾ

14 (3750) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹനൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കേരള ഗവേഷണ പദ്ധതി വഴി തിരുവനന്തപുരത്തുള്ള സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് എത്ര പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തി ;

(ബി) ഏതെല്ലാം മേഖലകളെ സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു ഈ പ്രോജക്ടുകൾ

(സി) കേരളത്തിന്റെ മനുഷ്യ വിഭവശേഷി, ഭൂപ്രകൃതി മുതലായവ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ഈ പഠനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനം പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തിയിട്ടില്ല, പക്ഷേ ജനകീയാസൂത്രണത്തെപ്പറ്റി പഠിക്കാനും അതിന്റെ നടത്തിപ്പിനെ വിലയിരുത്തുവാനും വേണ്ടി കേരള ഗവേഷണ പദ്ധതി മറ്റു സംഘടനകൾക്കും വ്യക്തികൾക്കും 26 സൂക്ഷ്മതല പഠനങ്ങൾക്കായി ധനസഹായം നൽകിയിട്ടുണ്ട്.

(ബി) കൃഷി, തദ്ദേശീയ ധനകാര്യ വിഭവങ്ങൾ, മത്സ്യബന്ധന മേഖലയിൽ പ്രാദേശിക സ്വയംഭരണം, അയൽക്കൂട്ടങ്ങളും സൂക്ഷ്മതല ജനാധിപത്യവും പഞ്ചായത്ത് തലത്തിൽ ജനകീയാസൂത്രണ നിർവ്വഹണം ഒരു വിലയിരുത്തൽ, പഞ്ചായത്ത് തലത്തിലെ സാമ്പത്തിക സമതുലങ്ങൾ, സ്ഥായിയായ വികസന ആസൂത്രണ മോഡലുകൾ, പഞ്ചായത്ത്തലത്തിൽ ആരോഗ്യ സംരക്ഷണം, കുടിവെള്ളം, സ്ത്രീകളുടെ സാന്നിദ്ധ്യം എന്നിവയിൽ ജനകീയ പങ്കാളിത്തത്തിലുണ്ടായ വർദ്ധന.

(സി) കേരളത്തിന്റെ മനുഷ്യവിഭവശേഷി, ഭൂപ്രകൃതി മുതലായവയെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ഈ പഠനങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 13 (3749) ചോദ്യംനമ്പർ ദയവായി കാണുക]

ജനകീയാസൂത്രണത്തെപ്പറ്റി പഠിക്കാനും അതിന്റെ നടത്തിപ്പിനെ വിലയിരുത്തുവാനും വേണ്ടി നെതർലാന്റ്സ് ഗവൺമെന്റ് 20-5-1995-ന് അനുവദിച്ച കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ഡവലപ്പ്മെന്റ് (Kerala Research Programme on Local Level Development- KRPLLD) എന്ന ഗവേഷണ പരിപാടിക്ക് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന് ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം കേരളത്തിലെ പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെപ്പറ്റി സൂക്ഷ്മതല പഠനം നടത്തുന്ന പ്രോജക്ടുകൾക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിനും ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിനും ധനസഹായം ലഭിച്ചിട്ടുണ്ട്. ആ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിയ ഗവേഷണ പ്രോജക്ടുകളുടെയും അനുവദിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ നൽകുന്നു :

പഠനം നടത്തിയ ഏജൻസി	പ്രോജക്ടിന്റെ പേര്	അനുവദിച്ച തുക (ലക്ഷം രൂപ)
(1)	(2)	(3)
(എ) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്	(1) പങ്കാളിത്ത ഇടപെടൽ തന്ത്രത്തിലൂടെ കേരളത്തിലെ സ്കൂളുകളിലെ പ്രവൃത്തിദിനങ്ങൾ വർദ്ധിപ്പിക്കുകയും അദ്ധ്യാപന-പഠന സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള ആക്ഷൻ പ്ലാൻ	2.21
	(2) പ്രാദേശിക വിഭവ സമാഹരണവും സാമൂഹ്യ സാമ്പത്തിക തസ്തികകളുടെ നിർമ്മാണവും	1.40
	ആകെ (എ)	3.61

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
(ബി) ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ	(1) ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷനിലെ പ്രസരണ നഷ്ടവും അതു കാരണം മേജർ സെക്ഷനുകളിൽ ഉണ്ടാകുന്ന വോൾട്ടേജ് ക്ഷാമവും സംബന്ധിച്ച പഠനം	2.45
	(2) പങ്കാളിത്ത വികസനത്തിലൂടെ പശ്ചിമഘട്ടത്തിലെ ചെറുകിട മൈക്രോ ജലവൈദ്യുത വിഭവങ്ങൾ സംയോജിപ്പിക്കുന്നതിനുള്ള പ്രോജക്ട്.	7.38
	(3) തിരുവനന്തപുരം നഗരത്തിലെ പാരിസ്ഥിതികമാറ്റം (1981-1991) -സൂക്ഷ്മതല ആസൂത്രണ സമീപനം	0.494
	(4) മിനി വൈദ്യുതി നിലയത്തിൽ ടർബനു പകരം പമ്പും ജനറേറ്ററിനു പകരം ഇൻഡക്ഷൻ മോട്ടോറും ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം	2.43
	(5) അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ലഭ്യതയും ശുചിത്വ നിലവാരവും ഉയർത്തുന്നതിനുള്ള ആക്ഷൻ റിസർച്ച് പ്രോഗ്രാം	0.52
	(6) സർവ്വീസ് ഏരിയാ സമീപനവും ബാങ്ക് വായ്പാ വിനിയോഗവും-കണ്ണൂർ ജില്ലയിലെ പഠനം.	1.88

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	(7) കേരളത്തിലെ ഗ്രാമങ്ങളിൽ ഊർജ്ജോൽപ്പാദത്തിന് വിറക് ഇന്ധനമായി ഉപയോഗിക്കുന്ന ഗ്യാസിഫയറിന്റെ (Gasifeir) ഫീൽഡ്ടെസ്റ്റും ഗ്യാസിഫയറിൽ തെങ്ങിൽ നിന്നുള്ള വസ്തുക്കൾ ഇന്ധനമായി ഉപയോഗിച്ചാൽ ഉണ്ടാകുന്ന ഗുണമേന്മയെ കുറിച്ചുള്ള വിലയിരുത്തൽ പഠനവും	3.56
	(8) അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ മഴവെള്ള സംഭരണ പദ്ധതി-അന്തിമഘട്ട പഠനം	2.70
	(9) ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലും കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തത്തെപ്പറ്റിയുള്ള പ്രാദേശിക ചരിത്രം-അപഗ്രഥനവും ഡോക്കുമെന്റേഷനും	1.70
	(10) പരമ്പരാഗത കളിമൺ വ്യവസായ സമുദായങ്ങളുടെ ജീവിത, തൊഴിൽ സ്ഥിതികളെക്കുറിച്ചും സാമൂഹിക, സാമ്പത്തിക സാങ്കേതിക പഠനം	4.968
	(11) അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ബാങ്കുകൾക്ക് അനുയോജ്യമായ സംയോജിത ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള സാദ്ധ്യതാ പഠനം	1.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	(12) നൂതന സാങ്കേതിക വിദ്യ കൈമാറ്റം ചെയ്ത് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ ഉദ്യമങ്ങൾ പരിപോഷിപ്പിക്കൽ	4.40
	(13) വെള്ളക്കെട്ട് പ്രദേശങ്ങളിലെ ശുചിത്വ സൗകര്യങ്ങളുടെ വികസനത്തിന് ആക്ഷൻ പ്ലാൻ	3.00
	(14) കാർഷികമേഖലയിലെ വനിതകളുടെ ജെന്റർ (Gender) -തൊഴിൽ-ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം-പാലക്കാട് ജില്ലയിലെ കൊടുമ്പാ ഗ്രാമപഞ്ചായത്തിലെ കാർഷികത്തൊഴിലാളികളെക്കുറിച്ചുള്ള പഠനം	2.65
	(15) കേര കരകൗശല തൊഴിലാളികളുടെ പങ്കാളിത്തത്തോടെ കേരളത്തിലെ കേര കരകൗശല തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണ പരിശീലനം	2.10
	(16) സ്കൂൾ പാഠപുസ്തകങ്ങളിലെ ഉള്ളടക്കം സംബന്ധിച്ച വിശകലനം	5.00
	(17) വൈപ്പിൻകരയിലെ പൊക്കാളി പാടശേഖരവുമായി ബന്ധപ്പെട്ട വനിതാ കാർഷികത്തൊഴിലാളികൾ ആ മേഖലയിൽ നിന്ന് ഒഴിഞ്ഞുപോകുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച ചെറു വിശകലനം	2.70

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	(18) നെല്ലായ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ദേശീയ നീർത്തട വികസന പദ്ധതി വിലയിരുത്തൽ	0.15
	(19) കേരളത്തിലെ ജലജീവി കൃഷി അന്യംനിന്നുപോകൽ -സ്ഥായിയായ ജലജീവി കൃഷി വികസന പ്രശ്നങ്ങളെപ്പറ്റിയുള്ള വിമർശനപരമായ വിലയിരുത്തൽ	2.40
	(20) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അപചയം സംബന്ധിച്ച പ്രശ്നങ്ങളെപ്പറ്റിയുള്ള പഠനം	1.21
	(21) പഞ്ചായത്തുതല ആസൂത്രണവും വികസനവും-ഒന്നാം ഘട്ടപഠനം	30.00
	(22) പഞ്ചായത്തുതല ആസൂത്രണവും വികസനവും-രണ്ടാം ഘട്ട പഠനം	63.78
	ആകെ (ബി)	146.468
	മൊത്തം (എ+ബി)	150.078

LIBRARY ARCHIVES Kerala Legislative Assembly